**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 429** **02-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കാമോ? | (എ) | സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• ചരക്ക് സേവന നികുതി വകുപ്പിനെ പുന: സംഘടിപ്പിച്ച്കൊണ്ട് നികുതി ചോർച്ച ഫലപ്രദമായി തടയുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ചരക്ക് സേവന നികുതി വകുപ്പിന് കീഴിൽ ടാക്സ് പെയർ സർവ്വീസസ്, ആഡിറ്റ് ആന്റ് ഇന്റലിജെന്റ്സ് എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്.<br>• നികുതിയുടെ രംഗത്ത് ആധുനികവൽക്കരണം സാധ്യമാക്കുന്നതിനായി മോഡൽ 2 GSTN സൊല്യൂഷൻ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. 'ടാക്സ് പേയേഴ്സ് പ്രൊഫൈൽ കാർഡ്' എന്ന സംരംഭത്തിലൂടെ നികുതിദായകർക്ക് കൃത്യമായി നികുതി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>• ലക്കി ബിൽ സ്കീം എന്ന ആപ്ലിക്കേഷനിലൂടെ പൊതുജനങ്ങൾക്ക് ജി.എസ്.ടി. ഇൻവോയ്സുകൾ അപ്-ലോഡ് ചെയ്യുന്നതിനും പ്രസ്തുത ആപ്ലിക്കേഷനിലൂടെ നികുതിദായകരുടെ റിട്ടേൺ ഫയലിംഗ് സ്റ്റാറ്റസ് സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് പരിശോധിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>• അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കുന്നതിലൂടെ 80 കോടി രൂപയുടെ അധിക വരുമാനം നടപ്പ് വർഷം ലക്ഷ്യമിടുന്നു.<br>• ഭൂമിയുടെ നിലവിലുള്ള ന്യായവിലയിൽ 10% ഒറ്റത്തവണ വർദ്ധനവ് നടപ്പിലാക്കുന്നതിലൂടെ |

| | | | | |
|---|---|---|---|---|
| | | | | 200 കോടി രൂപയുടെ അധിക വരുമാനം നടപ്പ് വർഷം ലക്ഷ്യമിടുന്നു.<br>• നികുതിയേതര വരുമാനം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രത്യേക ഇടപെടലുകളും നടപടുകളും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ